## പണയം വച്ച സ്വർണ്ണാഭരണങ്ങളുടെ
## പരിശുദ്ധി ഉറപ്പുവരുത്താതെ വായ്പ നല്കിയ തൊഴിലാളിയെ പിരിച്ചുവിട്ടതിൽ തെറ്റില്ല

### മദ്രാസ് ഹൈക്കോടതി

W.P. No. 23633/2017 Dt. 28.11.2019

എം. സ്വാമിനാഥൻ

x

സ്റ്റേറ്റ് ബേങ്ക് ഓഫ് ഇന്ത്യ

1979–ലാണ് തൊഴിലാളി ബേങ്കിൽ നിയമിതനായത്. 2004 മുതൽ 2010 വരെയുള്ള കാലയളവിൽ സ്പെഷ്യൽ അസിസ്റ്റന്റ് എന്ന തസ്തികയിലാണ് അയാൾ ജോലി ചെയ്തത്. അതിനു ശേഷം സീനിയർ സ്പെഷ്യൽ അസിസ്റ്റന്റ് ആയി സ്ഥാനക്കയറ്റം ലഭിച്ചു. കാർഷിക സ്വർണ്ണവായ്പ നല്കുന്ന ജോലിയാണ് അയാൾ ചെയ്തിരുന്നത്. സ്വർണ്ണത്തിന്റെ പരിശുദ്ധിയും തൂക്കവും വിലയും പരിശോധിച്ച് വായ്പാനുമതി നല്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം അയാൾക്കായിരുന്നു. 2004 മുതൽ 2011 വരെയുള്ള കാലയളവിൽ അയാൾ നല്കിയ കാർഷിക സ്വർണ്ണ വായ്പകളിൽ 77 എണ്ണത്തിലും പണയം വച്ച സ്വർണ്ണാഭരണങ്ങൾ മുക്കുപണ്ടമാണെന്ന് ബേങ്ക് കണ്ടുപിടിച്ചു. അപ്രകാരം വായ്പ നല്കിയതുവഴി നാല്പത്തിയെട്ട് ലക്ഷത്തിലധികം രൂപയുടെ നഷ്ടമാണ് ബേങ്കിനുണ്ടായത്. ഇതു സംബന്ധിച്ച് മേനേജ്മെന്റ് തൊഴിലാളിക്ക് കുറ്റപത്രം നല്കുകയും അയാളെ സസ്പെന്റ് ചെയ്യുകയും ഗാർഹികാന്വേഷണം നടത്താൻ ഉത്തരവിടുകയും ചെയ്തു. ഗാർഹികാന്വേഷണം നടത്തിയ ഉദ്യോഗസ്ഥൻ മേനേജ്മെന്റിന് റിപ്പോർട്ട് സമർപ്പിച്ചു. തൊഴിലാളിക്കെതിരെയുള്ള കുറ്റാരോപണങ്ങൾ തെളിഞ്ഞിട്ടുണ്ടെന്നാണ് റിപ്പോർട്ടിൽ വ്യക്തമാക്കിയത്. പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ മേനേജ്മെന്റ് അയാളെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. ഇതിനെതിരെ ഉന്നത മേലധികാരി മുമ്പാകെ അപ്പീൽ നല്കിയെങ്കിലും അത് തള്ളപ്പെടുകയാണുണ്ടായത്. തുടർന്ന് അയാൾ ഉന്നയിച്ച വ്യവസായ തർക്കം ലേബർ കോടതിയിലേക്ക് റഫർ ചെയ്യപ്പെട്ടു. ഗാർഹികാന്വേഷണം നടത്തിയത് ഉചിതമായ രീതിയിലല്ല എന്ന് പ്രഖ്യാപിച്ച ലേബർ കോടതി തെളിവുകൾ പരിശോധിക്കാൻ തീരുമാനിച്ചു. തൊഴിലാളിക്കെതിരെയുള്ള കുറ്റാരോപണങ്ങൾ തെളിഞ്ഞിട്ടുണ്ടെന്ന് പരിശോധനയിൽ വ്യക്തമായി. തൊഴിലാളിയെ പിരിച്ചുവിട്ടതിൽ തെറ്റില്ലെന്ന് വിലയിരുത്തിയ ലേബർ കോടതി തൊഴിലാളിയുടെ അവകാശവാദം തള്ളിക്കളഞ്ഞു. ഇതിനെതിരെ തൊഴിലാളി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. പണയം വച്ച സ്വർണ്ണാഭരണങ്ങളുടെ പരിശുദ്ധി ഉറപ്പാക്കിയത് ബേങ്ക് മേനേജരാണെന്നും അദ്ദേഹം നിർദ്ദേശിച്ചിടത്ത് താൻ ഒപ്പിടുക മാത്രമാണ് ചെയ്തതെന്നും തന്റെ മുപ്പതു വർഷത്തെ സേവനം പരിഗണിച്ച് ശിക്ഷ ഇളവ് ചെയ്യേണ്ടതാണെന്നും തൊഴിലാളി വാദിച്ചു. മുക്കുപണ്ടം പണയം വച്ച് വായ്പ നല്കാനും ബേങ്കിന് നഷ്ടം വരുത്താനും ഇടയാക്കിയതിന്റെ പൂർണ്ണ ഉത്തരവാദിത്വം തൊഴിലാളിക്കാണെന്ന് ഗാർഹികാന്വേഷണത്തിലൂടെ അസന്നിഗ്ദ്ധമായി തെളിഞ്ഞിട്ടുണ്ടെന്നും ഗുരുതരമായ പെരുമാറ്റദൂഷ്യം നടത്തിയ തൊഴിലാളിയോട് ദയ കാണിക്കുന്നത് ആശാസ്യമല്ലെന്നും മേനേജ്മെന്റ് വാദിച്ചു. ഗാർഹികാന്വേഷണത്തിലെ തെളിവുകൾ ലേബർ കോടതി നിഷ്പക്ഷമായി പരിശോധിക്കുകയും തൊഴിലാളിക്കെതിരെയുള്ള കുറ്റാരോപണങ്ങൾ തെളിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തുകയും ചെയ്തതിൽ ഇടപെടാൻ യാതൊരു കാരണവുമില്ലെന്ന് ചൂണ്ടിക്കാട്ടിയ ഹൈക്കോടതി ലേബർ കോടതിയുടെ വിധി ശരിവയ്ക്കുകയും തൊഴിലാളിയുടെ റിട്ട് ഹർജി തള്ളിക്കളയുകയും ചെയ്തു.